പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 142 06-01-2014-ൽ മറുപടിക്ക്.

## ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ രാസപരിശോധന

| ചോദ്യം: | | ഉത്തരം: |
|---|---|---|
| | ശ്രീ. വി. എസ്. സുനിൽ കുമാർ:<br>" പി. തിലോത്തമൻ:<br>" ചിറ്റയം ഗോപകുമാർ:<br>" ഇ. കെ. വിജയൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിക്കുമ്പോൾ പണം നൽകി രസീതു വാങ്ങണമെന്ന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ ഒരു ഉത്തരവ് നൽകാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ; | (എ) ഉണ്ട്. വിദേശമദ്യ സാമ്പിളുകൾ ശേഖരിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിയമം വിദേശമദ്യ ചട്ടത്തിൽ കൊണ്ടുവരണമെന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഉത്തരവായിട്ടുള്ളത്. |
| (ബി) | എത്ര അളവുകളിലാണ് സാമ്പിൾ ശേഖരിച്ചിരുന്നത്; ഇതിൽ മാറ്റം വരുത്തിയിട്ടുണ്ടോ. എങ്കിൽ എത്രയെന്ന് അറിയിക്കുമോ; | (ബി) 200 മില്ലീലിറ്റർ വീതം, എ, ബി എന്നിങ്ങനെ രണ്ട് സാമ്പിളുകൾ വീതമാണ് ഇതുവരെ ശേഖരിച്ചിരുന്നത്. 09-12- 2013-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 204/2013/നിവ. പ്രകാരം, സാമ്പിൾ ശേഖരിക്കുന്ന നിയമത്തിൽ ഭേദഗതി വരുത്തുകയുണ്ടായി. ടി ഭേദഗതിയു ടെ അടിസ്ഥാനത്തിൽ, വിദേശമദ്യ സാമ്പിളുകൾ 200 മില്ലീലിറ്റർ വീതം, എ, ബി, സി എന്നീ മൂന്ന് സാമ്പിളു കൾ ശേഖരിക്കണം എന്നും, സി സാമ്പിൾ, ലൈസൻസിക്ക് നൽകണം എന്നും ഉത്തരവായിട്ടുണ്ട്. |
| (സി) | മദ്യശാലകളിൽ മദ്യം വിളമ്പുന്നതിന് വനിതകൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ തീരുമാനത്തിൽ എന്തെങ്കിലും മാറ്റം ഇപ്പോൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇപ്പോഴത്തെ തീരുമാനം എന്താണെന്ന് വെളിപ്പെടുത്താമോ? | (സി) ഇല്ല. ബാർ ഹോട്ടലുകളിൽ മദ്യം വിളമ്പുന്നതിന് വനിതകളെ നിയോഗിക്കുന്നത് നിയമ വിരുദ്ധമാക്കിക്കൊണ്ട്, വിദേശമദ്യ ചട്ടത്തിൽ, 09-12-2013-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 204/2013/നിവ. പ്രകാരം ഭേദ ഗതി വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ